**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 461** **24-03-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യസ്ഥാപനങ്ങളുടെ നവീകരണവും വികസനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ സ്തുത്യർഹമായ സേവനങ്ങൾ നടത്തിവരുന്ന ആരോഗ്യ സ്ഥാപനങ്ങളെ നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ആരോഗ്യ സ്ഥാപനങ്ങളെ നവീകരിക്കുന്നതിനായി തയ്യാറാക്കിയ സമഗ്ര പദ്ധതിയാണ് ആർദ്രം മിഷൻ. ആർദ്രം മിഷൻ പ്രകാരം ഓരോ ജില്ലയിലും ഒരു ജില്ലാതല ആശുപത്രിയും ഓരോ താലൂക്കിലും ഒരു താലൂക്ക് ആശുപത്രിയും ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രവും ഓരോ ഗ്രാമപഞ്ചായത്തുകളിൽ ഒരു കുടുംബാരോഗ്യ കേന്ദ്രവും വേണമെന്ന് നിഷ്കർഷിക്കുകയും ഇതിനായി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ Standardization Guidelines സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതു കൂടാതെ ഈ കാലഘട്ടത്തിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ജനകീയാരോഗ്യ കേന്ദ്രങ്ങൾ സംസ്ഥാനത്തുടനീളം പ്രവർത്തനം ആരംഭിച്ചു. മൂന്നോ നാലോ വാർഡുകൾ ചേർന്നിടത്ത് ജനസംഖ്യാടിസ്ഥാനത്തിൽ ആണ് ജനകീയ ആരോഗ്യ കേന്ദ്രം നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത Standardization അനുസരിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി വച്ചിട്ടുണ്ട്.** |
| (ബി) | തിരുവനന്തപുരം ശ്രീചിത്ര മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കുമോ; | (ബി) | എസ്.സി.ടി.എം.എസ്.ടിയുടെ പുതിയ പി.എം.എസ്.എസ്.വൈ ഹോസ്പിറ്റൽ ബ്ലോക്കിന്റെ നിർമ്മാണ വേളയിൽ കേരള സർക്കാർ ഇൻസ്റ്റിറ്റ്യൂട്ടിനെ ചുവടെ ചേർക്കുന്ന രീതിയിൽ പിന്തുണച്ചിട്ടുണ്ട്.<br><br>1. 01.01.2020 ലെ സ.ഉ (കൈ) നം.2/2020/ത.സ്വ.ഭവ ഉത്തരവ് പ്രകാരം അധികമായി നിർമ്മിച്ച സ്ഥലത്തിനുള്ള പിഴയിൽ നിന്നും സർക്കാർ ഇളവ് അനുവദിച്ചിട്ടുണ്ട്.<br><br>2. KIIFB യുടെ ധനസഹായത്തോടെയുള്ള സർക്കാർ മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരം പുതിയ ആശുപത്രി ബ്ലോക്കിന് ജല കണക്ഷൻ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിന്റെ നവീകരണത്തിനും പശ്ചാത്തല വികസനത്തിനുമായി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ആർ.സി.സി-യിൽ ചികിത്സ തേടി എത്തുന്ന രോഗികളുടെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങളും മറ്റും സ്ഥാപിക്കുന്നതിനായി 14 നില കെട്ടിടം പൂർത്തിയായി വരുന്നു.<br><br>ഇത് കൂടാതെ ട്രൂ ബീം ലീനിയർ ആക്സിലറേറ്റർ (20 കോടി രൂപ), വൈറ്റൽ ബീം ലീനിയർ ആക്സിലറേറ്റർ (14.64 കോടി രൂപ), ഡ്യുവൽ എനർജി ഡ്യുവൽ സോഴ്സ് സി.ടി.സ്കാനർ (12 കോടി രൂപ), ട്യൂമർ അബ്ലേഷൻ സിസ്റ്റം (1.99 കോടി രൂപ), ഡിജിറ്റൽ റേഡിയോഗ്രാഫി & ഫ്ലൂറോസ്കോപ്പി സിസ്റ്റം (286 ലക്ഷം രൂപ), ക്യാമ്പസ് ഏരിയ നെറ്റ്‌വർക്ക്നവീകരണം (115 ലക്ഷം രൂപ), ഹൈപ്പർ കൺവർജ്ഡ് ഇൻഫ്രാസ്ട്രക്ച്ചർ & ഡേറ്റാബേസ് അപ്ലയൻസ് അപ്പ്-ഗ്രഡേഷൻ (235 ലക്ഷം രൂപ) എന്നീ ഉപകരണങ്ങൾ വിവിധ പദ്ധതികളിലുൾപ്പെടുത്തി 2016-21 കാലയളവിൽ ആർ.സി.സി വാങ്ങിയിട്ടുണ്ട്. കൂടാതെ, 45 ലക്ഷം രൂപ ചെലവഴിച്ച് പുതിയ കാഷ്വാലിറ്റിയുടെ നിർമ്മാണവും ഈ കാലയളവിൽ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>**ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആർ.സി.സി-യിൽ നടത്തിയിട്ടുള്ള പ്രധാന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു**<br><br>**പുലയനാർകോട്ടയിൽ രണ്ടാം ക്യാമ്പസ്** ആയി വികസിപ്പിക്കുവാൻ സർക്കാർ അനുവദിച്ചു നൽകിയ 11.68 ഏക്കർ ഭൂമി 2021 ഡിസംബർ മാസം ആർ.സി.സി- യ്ക്ക് ലഭ്യമായിട്ടുണ്ട്.<br><br>പുതിയ ക്യാമ്പസിൽ **പ്രിവന്റീവ് ഓങ്കോളജി ക്ലിനിക് & ഓ.പി.ഡി** 04/02/2022 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br><br>**പീഡിയാട്രിക് ഓട്ടോലോഗസ് സ്റ്റെം സെൽ ട്രാൻസ് പ്ലാൻറ്** 2022 മാർച്ച് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്.<br><br>**അഡ്വാൻസ്ഡ് ക്ലിനിക്കൽ ലബോറട്ടറി** 2022 ജൂൺ മാസം മുതൽ പ്രവർത്തനമാരംഭിച്ചു.<br><br>2022 ജൂലായ് മാസം ആർ.സി.സി പാത്തോളജി വിഭാഗത്തിൽ ഐ.സി.എം.ആറിന്റെ **ഡയമണ്ട്സ് ലാബ്** ആരംഭിക്കുവാനുള്ള അനുമതി ലഭ്യമാക്കി.<br><br>കൊവിഡ് ടെസ്റ്റ് ഉൾപ്പെടെയുള്ള പരിശോധനകൾക്കുള്ള **മോളിക്യുലാർ ലാബ്** |

മൈക്രോബയോളജി വിഭാഗത്തിൽ 2022 ജൂലായ് മാസം മുതൽ ആരംഭിച്ചു.

DOTATATE/PSMA സ്കാനറുകളുടെ സഹായത്തോടെ കണ്ടുപിടിക്കുന്ന ന്യൂറോഎൻഡോക്രൈൻ ക്യാൻസറുകൾക്ക് **ലൂട്ടീഷ്യ ചികിത്സ** നൽകുന്ന സംവിധാനം സജ്ജീകരിച്ചു.

ന്യൂക്ലിയാർ മെഡിസിൻ വിഭാഗത്തിലേയ്ക്ക് **ഗാലിയം-68 ഓട്ടോമേറ്റഡ് ജനറേറ്റർ സിന്തസൈസറും ടി.എൽ.സി സ്കാനറും** 2022 ഡിസംബർ മാസം സ്ഥാപിച്ചു കഴിഞ്ഞു.

അത്യാധുനിക **റിംഗ് ഗ്യാൻട്രി ലീനിയർ അക്സലറേറ്റർ** സ്ഥാപിച്ചു.

പ്രോസ്റ്റേറ്റ് ക്യാൻസർ ചികിത്സയ്ക്കുള്ള റിയൽ **ടൈം ഹൈ ഡോസ് റേറ്റ് ബ്രാക്കിതെറാപ്പി മെഷീൻ** സ്ഥാപിച്ചു.

**ഡിജിറ്റൽ മാമ്മോഗ്രാഫി മെഷീൻ** സ്ഥാപിച്ചു.

പ്രാരംഭ ദിശയിലെ ഗർഭാശയ ക്യാൻസർ നിർണ്ണയത്തിനായി ആർ.സി.സി-യും സി-ഡാക്ക്-ഉ ചേർന്ന് വികസിപ്പിച്ച, നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്തിയുള്ള അതിനൂതന സംവിധാനം **(ഓട്ടോമേറ്റഡ് സെർവിസ്കാൻ)** പ്രവർത്തനമാരംഭിച്ചു.

**എം.ആർ.ഐ മെഷീൻ** 2023 ആഗസ്റ്റ് മാസം സ്ഥാപിച്ചു.

**സൗരോർജ്ജത്താൽ പ്രവർത്തിക്കുന്ന കോൾഡ് സ്റ്റോറേജ് യൂണിറ്റ്**, റിവേർസ് ഓസ്മോസിസ് ആധാരമാക്കി **സൗരോർജ്ജത്താൽ പ്രവർത്തിക്കുന്ന വാട്ടർ പ്യൂരിഫിക്കേഷൻ സിസ്റ്റം** എന്നിവ 2023 ആഗസ്റ്റ് മാസം സ്ഥാപിച്ചു.

**ഹൈപെക് (ഹൈപ്പർതെർമിക് ഇൻട്ര പെരിടോണിയൽ കീമോതെറാപ്പി)** സിസ്റ്റം 2023 നവംബർ മാസം സ്ഥാപിച്ചു.

**റോബോട്ടിക് സർജറി സംവിധാനം സ്ഥാപിച്ചു.**

രോഗികൾക്കും കൂട്ടിരിപ്പുകർക്കും വിശ്രമിക്കുവനുള്ള 4800 ചതുരശ്ര അടി വിസ്തീർണ്ണമുള്ള **പേഷ്യന്റ് വെൽഫെയർ ബ്ലോക്ക് സ്ഥാപിച്ചു.**

**നെക്സ്റ്റ് ജനറേഷൻ ഫയർവാൾ അപ്ലയൻസ്** 2024 മാർച്ചിൽ സ്ഥാപിച്ചു.

| | | | |
|---|---|---|---|
| | | | **അനസ്തേഷ്യ വർക്ക് സ്റ്റേഷൻ** സ്ഥാപിച്ചു (2024 മേയ്).<br><br>**മൂന്ന്** ഓപ്പറേഷൻ തീയേറ്റർ **(ഓ.റ്റി) ടേബിളുകൾ** സ്ഥാപിച്ചു (2024 ആഗസ്റ്റ്).<br><br>ഓ.റ്റി. ലൈറ്റ്, ഓ.റ്റി ടേബിൾ, ഐ.സി.യു വെന്റിലേറ്റർ, സ്റ്റീരിയോസ്റ്റാറ്റിക് ഇമ്മോബിലൈസേഷൻ ഡിവൈസ്, ഇൻ-വിവോ ഡയോഡ് ഡിറ്റക്ടർ തുടങ്ങിയ ഉപകരണങ്ങൾ സ്ഥാപിച്ചു (2024 സെപ്റ്റംബർ).<br><br>**വിർച്വൽ ഡെസ്ക്ടോപ്പ് ഇൻഫ്രാസ്ട്രക്ച്ചർ** കംപോണന്റുകൾ സ്ഥാപിച്ചു (2024 ഒക്ടോബർ).<br><br>പുതുതായി പണി കഴിപ്പിക്കുന്ന കെട്ടിടത്തിലേക്ക് വേണ്ടി ആക്റ്റീവ് നെറ്റ്.വർക്കിംഗ് കംപോണന്റുകൾ സ്ഥാപിച്ചു (2024 ഒക്ടോബർ).<br><br>പുതിയ കെട്ടിടത്തിലേക്ക് വേണ്ടി പാസ്സീവ് നെറ്റ്.വർക്കിംഗ് കംപോണന്റുകൾ സ്ഥാപിച്ചു (2025 ജനുവരി).<br><br>പുതിയ കെട്ടിടത്തിലേക്ക് വേണ്ടി സെൻട്രലൈസ്ഡ് ഡാറ്റ കമ്മ്യൂണിക്കേഷൻ സിസ്റ്റം സ്ഥാപിച്ചു (2025 ജനുവരി).<br><br>സർഫസ് ഗൈഡഡ് റേഡിയോതെറാപ്പി സിസ്റ്റം സ്ഥാപിച്ചു (2025 മാർച്ച്).<br><br>ഡിഫിബ്രില്ലേറ്റർ, സെൻട്രൽ ഫ്ലോ മോണിറ്ററിംഗ് ഡിവൈസ് സിസ്റ്റം മുതലായ ഉപകരണങ്ങൾ സ്ഥാപിച്ചു.<br><br>ഇവ കൂടാതെ ആർ.സി.സി-യിൽ കാലഹരണപ്പെട്ട ലിഫ്റ്റുകൾ മാറ്റുന്നത് കാത്ത് ലാബ് സ്ഥാപിക്കുന്നത്, സി.റ്റി.സിമുലേറ്റർ മെഷീൻ, ഡ്രോപ്.ലെറ്റ് പി.സി.ആർ. സ്ഥാപിക്കുന്നത് തുടങ്ങിയ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ഡി) | ആർ.സി.സി-യ്ക്ക് തുല്യമായി മലബാർ ക്യാൻസർ സെന്ററിനെയും ഉയർത്തിക്കൊണ്ടു വരുന്നതിന് അവിടത്തെ ലാബുകളെയും അനുബന്ധ സ്ഥാപനങ്ങളെയും ഉന്നത നിലവാരത്തിലെത്തിക്കുന്നതിനുള്ള | (ഡി) | മലബാർ കാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആൻഡ് റിസർച്ച് ആക്കി ഉയർത്തികൊണ്ട് വരുന്നതിന്റെ ഭാഗമായി സ്ഥാപനത്തിലെ ലാബുകളെയും അനുബന്ധ സൗകര്യങ്ങളെയും ഉന്നത നിലവാരത്തിലേക്ക് |

| | |
|---|---|
| പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എത്തിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>NABH(നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ്), NABL(നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബറേഷൻ ലബോറട്ടറീസ്) അംഗീകാരം ലഭിച്ച ലാബുകളാണ് എം.സി.സി(പി.ജി.ഐ.ഒ.എസ്.ആർ) യിൽ പ്രവർത്തിച്ചു വരുന്നത്. കാൻസർ രോഗികളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന മലബാറിലെ ഏറ്റവും വലിയ ക്ലിനിക്കൽ ലാബുകളിൽ ഒന്നാണിത്. ബയോകെമിസ്ട്രി, മൈക്രോബയോളജി ലാബുകൾ അടങ്ങുന്ന പുതിയ ലാബ് കോംപ്ലക്സ് ആറുമാസത്തോളമായി പ്രവർത്തിച്ചു വരുന്നുണ്ട്. ലാബുകളിലെ പ്രധാന ഉപകരണങ്ങളുടെ വിവരം താഴെ ചേർക്കുന്നു.<br><br>1. **പത്തോളജി:**<br><br>ഡിജിറ്റൽ പാത്തോളജി, ക്രയോസ്റ്റാറ്റ് കട്ട് ഫ്രോസൺ സെക്ഷനുകളും ഇൻട്രാ-ഓപ്പറേറ്റീവ് റിപ്പോർട്ടിംഗും, ഓട്ടോമേറ്റഡ് സ്റ്റെയിനറിൽ ഇമ്മ്യൂണോഹിസ്റ്റോകെമിക്കൽ സ്റ്റെയിനിംഗ്, സൈറ്റോസെൻട്രിഫ്യൂജുകളും പരമ്പരാഗത സൈറ്റോളജിയേക്കാൾ സാങ്കേതിക ഗുണങ്ങളുള്ള ഓട്ടോമേറ്റഡ് ലിക്വിഡ് അധിഷ്ഠിത സൈറ്റോളജിയും ഉപയോഗിച്ച് എഫ്എൻഎ & ഫ്ലൂയിഡ് ആസ്പിരേഷൻ സാമ്പിളുകളുടെ പ്രോസസ്സിംഗും റിപ്പോർട്ടിംഗും, ഫ്ലോ സൈറ്റോമെട്രിയിൽ ഇമ്മ്യൂണോഫെനോടൈപ്പിംഗ് ഉപയോഗിച്ച് പെരിഫറൽ രക്തത്തിന്റെയും അസ്ഥിമജ്ജ ആസ്പിരേഷൻ/ബയോപ്സി സാമ്പിളുകളുടെയും ഡയഗ്നോസ്റ്റിക് റിപ്പോർട്ടിംഗ്, രക്തം, സ്തന, മൃദുവായ ടിഷ്യു കാൻസറുകൾക്കുള്ള ഫ്ലൂറസെന്റ് ഇൻ സിറ്റു ഹൈബ്രിഡൈസേഷൻ (ഫിഷ്), ബിരുദ, ബിരുദാനന്തര, ഡി എം ഓങ്കോപ്പത്തോളജി ഉൾപ്പെടെയുള്ള വിദ്യാർത്ഥികൾക്കുള്ള അക്കാദമിക് സെമിനാറുകളും ചർച്ചകൾ തുടങ്ങിയവ പത്തോളജി വിഭാഗത്തിൽ നടത്തി വരുന്നുണ്ട്<br><br>**2.മൈക്രോബയോളജി**: ബാക്ടീരിയമിയ, സെപ്റ്റിസീമിയ എന്നിവയുടെ ദ്രുത രോഗനിർണയത്തിനായി ഡയഗ്നോസ്റ്റിക് MALDI-TOF (ബയോമെറിയക്സ്), പൂർണ്ണമായും ഓട്ടോമേറ്റഡ് മൈക്രോബയൽ ഐഡന്റിഫിക്കേഷൻ, ആന്റിബയോട്ടിക് സെൻസിറ്റിവിറ്റി ടെസ്റ്റിംഗ് - VITEK - 2, ഓട്ടോമേറ്റഡ് ബ്ലഡ് കൾച്ചർ സിസ്റ്റം BACTEC 9050, BacT/ALERT 3D എന്നിവയും വിവിധ പകർച്ചവ്യാധികൾ നിർണ്ണയിക്കാൻ പൂർണ്ണമായും ഓട്ടോമേറ്റഡ് ELISA (എൻസൈം ലിങ്ക്ഡ് ഇമ്മ്യൂണോസോർബന്റ് അസ്സേ) രോഗപ്രതിരോധ പരിശോധന സംവിധാനവും ഈ വിഭാഗത്തിൽ സജ്ജീകരിച്ചിരിക്കുന്നു. |

| | | | |
|---|---|---|---|
| | | | **3. ബയോകെമിസ്ട്രി** : ട്യൂമർ മാർക്കർ വിശകലനത്തിനായി ഒരു ആക്സസ് 2 അനലൈസർ (ബെക്ക്മാൻ കോൾട്ടർ), ഹെമറ്റോളജിക്കൽ പരിശോധനകൾക്കായി ലാബിൽ രണ്ട് മൈൻഡ് റേ  ബിസി-6200 സിബിസി അനലൈസറുകൾ ഉണ്ട്. ഹെലീന SAS3 SAS4 ഫുള്ളി ഓട്ടോമേറ്റഡ് സിസ്റ്റത്തിലാണ് ഇലക്ട്രോഫോറെസിസും ഇമ്മ്യൂണോഫിക്സേഷൻ പരിശോധനകളും നടത്തുന്നത്. കോഗ്യുലേഷൻ അസ്സേകൾക്കായുള്ള പൂർണ്ണമായും ഓട്ടോമേറ്റഡ് STAGO അനലൈസറും ABG അനലൈസറും ലഭ്യമാണ്. ഓസ്മോലാലിറ്റി ടെസ്റ്റുകൾക്കായുള്ള ഓസ്മോലാലിറ്റി അനലൈസറും ഇമ്മ്യൂണോ അസെകൾക്കായുള്ള മിനിവിഡാസും സ്ഥാപിച്ചിട്ടുണ്ട്.<br><br>**4. ബ്ലഡ് ബാങ്ക്:** രക്ത ഘടകങ്ങൾ, പ്രത്യേക രക്ത ഘടകങ്ങൾക്കുള്ള സൗകര്യങ്ങൾ വേർതിരിക്കുന്നതിനുള്ള സൗകര്യം, സ്റ്റെം സെൽ ശേഖരണം, പ്ലാസ്മ എക്സ്ചേഞ്ച്, ആർബിസി എക്സ്ചേഞ്ച്, തെറാപ്പിക് ഫ്ലെബോടമി, ക്രയോപ്രെസർവേഷൻ ഹെമറ്റോപോയിറ്റിക് സ്റ്റെം സെല്ലുകൾ, CD34, CD3 എണ്ണൽ എന്നിവയ്ക്കുള്ള ഫ്ലോ സൈറ്റോമെട്രി, പെരിയോപ്പറേറ്റീവ് ഹെമോസ്റ്റാസിസ് വിലയിരുത്തുന്നതിനുള്ള ത്രോംബോഎലാസ്റ്റോഗ്രാഫി, HLA ലബോറട്ടറി, സ്റ്റെം സെൽ ഉൽപ്പന്നം പ്രോസസ്സ് ചെയ്യുന്നതിനുള്ള സെല്ലുലാർ തെറാപ്പി ലാബ്, TCRαβ, B സെൽ ഡിപ്ലീഷൻ, വൈറസ് നിർദ്ദിഷ്ട IFN-γ ടി സെല്ലുകളുടെ സമ്പുഷ്ടീകരണം.<br><br>**5. മോളിക്യുലാർ ആന്റ് ജെനിറ്റിക്സ് ലാബ്:** നെക്സ്റ്റ് ജനറേഷന് സീക്വൻസിങ്ങിനുള്ള ഇല്ലുമിന മിനിസെക്, പ്രോട്ടിയോമിക്സിനും മെറ്റബോളമിക്കിനുമുള്ള തെർമോ ക്യു എക്സാക്റ്റീവ് എൽസി/ എംഎസ്/എംഎസ്, ARIA III FACS സെൽ സോർട്ടിംഗും സെൽ കൗണ്ടറും, ഫിഷ് കാരിയോടൈപ്പിക് വർക്ക്സ്റ്റേഷനും ഉള്ള ഫ്ലൂറസെന്റ് മൈക്രോസ്കോപ്പ്, ABI 7500 റിയൽ ടൈം PCR T. സാംഗർ സീക്വൻസ് ABI 3500 Dx.<br><br>6. **മൂന്ന് അപെക്സ് കാൻസർ കെയർ** സെന്ററുകളുടെ പാത്തോളജി വകുപ്പുകളുമായി ചേർന്ന് ഒരു ഹബ്-ആൻഡ്-സ്പോക്ക് നെറ്റ്‌വർക്കിംഗ് മോഡൽ പാത്തോളജിക്കൽ ഡയഗ്നോസ്റ്റിക് സൗകര്യം ഉപയോഗിച്ച്, പ്ലാനിംഗ് ആൻഡ് ഇക്കണോമിക് അഫയേഴ്സ് (RKI) വകുപ്പ് - റീജിയണൽ കാൻസർ സെന്ററിൽ (RCC), മലബാർ കാൻസർ സെന്റർ (എംസിസി), ഡിജിറ്റൽ പാത്തോളജി സെന്റേർസ് ഓഫ് എക്സലൻസ് സ്ഥാപിക്കൽ എന്ന പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | പ്രധാനപ്പെട്ട ഏതെല്ലാം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളുടെയും ജില്ലാ-ജനറൽ | (ഇ) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |

| | | | |
|---|---|---|---|
| | ആശുപത്രികളുടെയും വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ആരോഗ്യ മേഖലയിൽ സംസ്ഥാനത്ത് പ്രാഥമിക തലം മുതൽ ത്രിതീയ തലം വരെയുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസന രംഗത്ത് അഭൂതപൂർവ്വമായ വികസന മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്/ജില്ലാ/ജനറൽ ആശുപത്രികൾ, ക്യാൻസർ ചികിത്സ കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജുകൾ എന്നിവയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ധനസഹായം ഉപയോഗപ്പെടുത്തി 15,000 കോടിയിലധികം രൂപയുടെ നിർമ്മാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നുണ്ട് .

സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള ജനറൽ, ജില്ലാ, താലൂക്ക് ആശുപത്രികൾ, ക്യാൻസർ ചികിത്സ കേന്ദ്രങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന 78 ആരോഗ്യ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾക്കായി 5700 കോടി രൂപയുള്ള ഭരണാനുമതി ഇതുവരെയും നൽകുകയും, കിഫ്ബിയിൽ നിന്നും നാളിതുവരെ 3846 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാകുകയും ചെയ്തു. ഇതിൽ എറണാകുളം ജനറൽ ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെയും, പുനലൂർ താലൂക്ക് ആശുപത്രി, പയ്യന്നൂർ താലൂക്ക് ആശുപത്രി, എന്നിവയുടെ പുതിയ ആശുപത്രി സമുച്ചയത്തിന്റെയും നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ചു. മറ്റ് പദ്ധതികളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. 20 -ഓളം പദ്ധതികൾ നിർമ്മാണം പൂർത്തിയായി വരുന്നു.

സംസ്ഥാന പദ്ധതി വിഹിതം, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തിരം ലഭ്യമാകുന്ന ഫണ്ട്, എം.എൽ.എ, എം.പി-മാരുടെ ആസ്തി വികസന ഫണ്ട്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ, എൻ.എച്ച്.എം വഴി ലഭിച്ച ഫണ്ട്. സി.എസ്.ആർ, നബാർഡ് തുടങ്ങി വിവിധങ്ങളായ ധന സ്രോതസ്സ് വഴി ലഭ്യമായ ഫണ്ട് ഉപയോഗിച്ചും സംസ്ഥാനത്തുടനീളമുള്ള ഉപകേന്ദ്രങ്ങൾ മുതൽ ജനറൽ ആശുപത്രി വരെയും, ക്യാൻസർ കെയർ സെന്ററുകൾ, മെഡിക്കൽ കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

ആരോഗ്യവകുപ്പിന് കീഴിലുള്ള 30 ആശുപത്രികൾക്കായി 435 കോടി രൂപയും, കോട്ടയം മെഡിക്കൽ കോളേജുകളിലെ 2 പ്രോജക്റ്റുകൾക്കായി 47 കോടി രൂപയും ഉൾപ്പെടെ മൊത്തം 32 പ്രോജക്റ്റുകൾക്കായി 482 കോടി രൂപയുടെ നിർമ്മാണ പ്രവർത്തികൾ നബാർഡ് ധനസഹായം ഉപയോഗപ്പെടുത്തി നിലവിൽ വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നു.

സംസ്ഥാനത്തെ ക്യാൻസർ കെയർ സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി പദ്ധതി വിഹിതം, കിഫ്ബി ധനസഹായം തുടങ്ങിയവ ഉപയോഗപ്പെടുത്തി ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിട നിർമ്മാണ പ്രവർത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നുണ്ട്. തലശ്ശേരിയിലുള്ള മലബാർ ക്യാൻസർ സെന്ററിന്റെ 3 പ്രൊജക്റ്റുകൾക്കായി മൊത്തം 644 കോടി രൂപയുടെയും, എറണാകുളത്തുള്ള കൊച്ചിൻ ക്യാൻസർ കെയർ റിസർച്ച് സെന്ററിനായി 384.34 കോടി രൂപയുടെയും കിഫ്ബി ധനസഹായത്തോടു കൂടിയുള്ള നിർമ്മാണ പ്രവർത്തികൾക്കായുള്ള ഭരണാനുമതി നൽകുകയുണ്ടായി. മലബാർ ക്യാൻസർ സെന്ററിനായി മൊത്തം 530 കോടി രൂപയുടെയും, കൊച്ചിൻ ക്യാൻസർ കെയർ റിസർച്ച് സെന്ററിനായി 450 കോടി രൂപയുടെയും (ഉപകരണങ്ങൾ ഉൾപ്പടെ) സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമാകുകയും നിർമ്മാണ പ്രവർത്തികൾ നടന്നു വരികയുമാണ്. കൂടാതെ തിരുവനന്തപുരത്തുള്ള ആർ.സി.സി-യുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 187.22 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ചുകൊണ്ടുള്ള 14 നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ ഉടൻ പൂർത്തിയായി പ്രവർത്തനം ആരംഭിക്കാൻ കഴിയും

**ആരോഗ്യ മേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ 1663 തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടു.**

മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൈലറ്റടിസ്ഥാനത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രത്യേക ടീമിനെ നിയോഗിച്ചു. പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നു. തുടർന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ഗവ. മെഡിക്കൽ കോളേജുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. അപകടങ്ങളാലും രോഗം

ബാധിച്ചും അത്യാഹിത വിഭാഗത്തിലെത്തുന്നവർക്ക് സമയബന്ധിതമായി വിദഗ്ധ ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം.

നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ സമഗ്ര വികസനവും പുതിയ മെഡിക്കൽ കോളേജുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തികൾ നടന്നു വരുന്നുണ്ട്

കണ്ണൂർ മെഡിക്കൽ കോളേജിന്റെ അറ്റകുറ്റപ്പണികൾക്കായി കിഫ്ബി വഴി 29.77 കോടി രൂപയുടെ അനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. മികച്ച ട്രോമാകെയർ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി കിഫ്ബി വഴി 124.95 കോടിയുടെ ഭരണാനുമതി നൽകുകയും ഇതിൽ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 51.29 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ടിൽ നിന്നും 50 കോടി രൂപ മുതൽ മുടക്കി വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലുകളുടെ നിർമ്മാണത്തിനാവശ്യമായ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി മെഡിക്കൽ കോളേജിൽ ഐ.പി ബ്ലോക്ക് പ്രവർത്തന സജ്ജമാക്കി. ഇടുക്കി മെഡിക്കൽ കോളേജിന്റെ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് പ്രാരംഭ നടപടികൾ ആരംഭിച്ചു. 92 കോടി രൂപ മുതൽമുടക്കി റെസിഡൻഷ്യൽ ഫെസിലിറ്റി ഒരുക്കുന്നതിന്റെ ഭാഗമായി നിർമ്മിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് താമസിക്കാനുള്ള ഹോസ്റ്റൽ കെട്ടിടവും, അധ്യാപക ക്വാർട്ടേഴ്സും നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കി.

തൃശ്ശൂർ മെഡിക്കൽ കോളേജിന് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി 277.76 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. അമ്മയും കുഞ്ഞും ബ്ലോക്ക് കിഫ്ബി ഫണ്ട് ലഭ്യമാക്കി നിർമ്മിക്കുന്നതിന് 285.5 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ 195 കോടി രൂപ (കേന്ദ്ര സംസ്ഥാന ഷെയർ) മുതൽ മുടക്കി നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഒ.പി ബ്ലോക്ക് പുതിയത് നിർമ്മിക്കുന്നതിന് 187.5 കോടി രൂപ കിഫ്ബി വഴി ലഭ്യമാക്കി നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

സാമ്പത്തികാനുമതി ലഭ്യമാക്കി നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

കോന്നി മെഡിക്കൽ കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 218 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി വഴി ലഭ്യമായതിന്റെ ഭാഗമായി മെഡിക്കൽ കോളേജിന് ആവശ്യമായ ക്വാർട്ടേഴ്സ്, ആശുപത്രി ബ്ലോക്കിന്റെ രണ്ടാം ഘട്ടം, വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾ മുതലായവ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ ഹോസ്റ്റലുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കി വിദ്യാർത്ഥികൾക്ക് താമസത്തിനായി വിട്ടു നൽകിയിട്ടുണ്ട്.

കോന്നി മെഡിക്കൽ കോളേജിന്റെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനും ഉപകരണങ്ങളും, ഓപ്പറേഷൻ തീയറ്ററുകൾ സജ്ജീകരിക്കുന്നതിനുമായി 19.5 കോടി രൂപ കിഫ്ബി വഴി അനുവദിക്കുകയും, ടി നിർമ്മാണ / വാങ്ങൽ നടപടികൾ പുരോഗമിച്ചു വരുന്നതിന്റെ ഭാഗമായി 3 ഓപ്പറേഷൻ തീയേറ്റർ പൂർത്തിയാക്കുകയും, ബ്ലഡ് ബാങ്കിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്, ഇത് കൂടാതെ വിദ്യാർത്ഥികൾക്കാവശ്യമായ ഫർണിച്ചറും, ലാബ് ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണം പൂർത്തിയാക്കിയ മോർച്ചറി ബ്ലോക്ക് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട് . ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂമും സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

എറണാകുളം മെഡിക്കൽ കോളേജിന്റെ പുരോഗതിയ്ക്കായി 368.74 കോടി രൂപ കിഫ്ബി വഴി അനുവദിച്ച് പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടം നിർമ്മാണം പൂർത്തിയായി വരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി വഴി 717 കോടി രൂപയുടെ അനുമതി നൽകുകയും, ഇതിൽ 58 കോടി രൂപയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി മെഡിക്കൽ കോളേജിലെ 6 പ്രധാന റോഡുകളും, യാത്രാക്കാർക്ക് പരിഹരിക്കുന്നതിനായി നിർമ്മിച്ച മേൽപ്പാലത്തിന്റെയും നിർമ്മാണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 194.32 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ഇതിൽ എം.എൽ.റ്റി ബ്ലോക്ക്, ഓപ്പറേഷൻ തീയറ്റർ കം സർജിക്കൽ വാർഡ്, എസ്.എ.റ്റി-യിൽ പുതിയ പീഡിയാട്രിക് ബ്ലോക്ക് മുതലായവ ഉൾപ്പെടുന്നു.

ഇതിൽ എം.എൽ .റ്റി ബ്ലോക്കിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഇമേജിയോളജി വിഭാഗത്തിൽ ആധുനിക ഉപകരണം വാങ്ങുന്നതിന് 43.75 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. നാഷണൽ ഹെൽത്ത് മിഷന്റെ ഫണ്ട് വഴി നിർമ്മിച്ച സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനു 12.38 കോടി രൂപ കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമാക്കി തുടർനടപടി സ്വീകരിച്ച് വരുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ പുതിയ സർജിക്കൽ ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ഭാഗമായി 228 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കിഫ്ബി വഴി ധനാനുമതി നൽകുകയും, ആയതിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ഇവിടെ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനായി 268.60 കോടി രൂപയുടെ അനുമതി കിഫ്ബി വഴി നൽകിയിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് അതിവേഗം പുരോഗമിച്ച് വരുന്നു.

കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 36 കോടി രൂപ (നബാർഡ്) അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. 10 കോടി രൂപ നബാർഡ് വഴി അനുമതി ലഭ്യമാക്കി ഇൻഫിഷ്യസ് ഡിസീസ് ബ്ലോക്ക് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിൽ 173 കോടി രൂപ (കേന്ദ്ര സംസ്ഥാന ഷെയർ) മുതൽ മുടക്കി നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തന സജ്ജമായി. 30 കോടി രൂപ (നബാർഡ്) മുതൽ മുടക്കി നിർമ്മിക്കുന്ന ഗൈനക്കോളജി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കി. 14.81 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന അഡ്മിനിട്രേറ്റീവ് കം ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയായി. 29.47 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി ട്രോമാകെയർ ബ്ലോക്കിന്റെ നിർമ്മാണം നടന്നു വരുന്നു.

പാരിപ്പള്ളി മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി 7 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിൽ 103.86 കോടി രൂപ ചെലവഴിച്ച് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ, ക്വാർട്ടേഴ്സ് ഓഡിറ്റോറിയം തുടങ്ങിയവയുടെ നിർമ്മാണം നടത്തുന്നതിന് അനുമതി നൽകിയിരുന്നു, ഇതിൽ ഹോസ്റ്റൽ, ക്വാർട്ടേഴ്സ് മുതലായവയുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഓഡിറ്റോറിയത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കുന്നതിന് 160 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആശുപത്രി കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് 38 കോടി രൂപ കിഫ്ബി വഴി അനുവദിച്ച് നൽകിയിട്ടുണ്ട്. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്കുള്ള താമസ സൗകര്യം ഒരുക്കുന്നതിനായി 29 കോടി രൂപ മുതൽ മുടക്കി ഹോസ്റ്റൽ നിർമ്മാണം പൂർത്തിയായി വരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിൽ 25 കോടി രൂപ മുതൽമുടക്കി നിർമ്മാണം പൂർത്തീകരിച്ച അക്കാദമിക് ബ്ലോക്കിൽ ഒ.പി ചികിത്സ ആരംഭിച്ചിട്ടുണ്ട്. ന്യൂറോ വിഭാഗത്തിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. മെഡിക്കൽ കോളേജിന്റെ അംഗീകാരത്തിനായി ആരോഗ്യ സർവ്വകലാശാലയുടെ അനുമതി ലഭ്യമാക്കി നാഷണൽ മെഡിക്കൽ കമ്മീഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മാനന്തവാടി താലൂക്ക് തവിഞ്ഞാൽ പഞ്ചായത്ത് പരിധിയിലുള്ള ബോയ്സ് ടൗണിലെ ആരോഗ്യ വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് വയനാട് മെഡിക്കൽ കോളേജ് നിർമ്മിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. വയനാട് മെഡിക്കൽ കോളേജിൽ മൾട്ടി സ്പെഷ്യാലിറ്റി കെട്ടിടം യാഥാർഥ്യമാക്കി ടി ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. മൾട്ടി സ്പെഷ്യാലിറ്റി കെട്ടിടം ഉപയോഗപ്പെടുത്തി ആദ്യ വർഷ എം.ബി.ബി.എസ് ക്ലാസ്സുകൾ ഒരുക്കുന്നതിന് 10 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇവിടെ എം.ബി.ബി.എസ് കോഴ്സ് ആരംഭിക്കുന്നതിന് ആരോഗ്യ സർവകലാശാല അനുമതി ലഭ്യമാക്കി നാഷണൽ മെഡിക്കൽ കമ്മീഷന് അനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി, കോന്നി മെഡിക്കൽ കോളേജുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷന്റെ അംഗീകാരം (100 Seats) ലഭ്യമാക്കി ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്.

പുതിയ മെഡിക്കൽ കോളേജുകളായ കോന്നി, ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ ആദ്യവർഷ ക്ലാസുകൾ ആരംഭിക്കുന്നതിനായി സൃഷ്ടിച്ച തസ്തികകളിൽ സ്പെഷ്യാലിറ്റി വിഭാഗം അദ്ധ്യാപകരെ നിയമിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കിഫ്ബി ധനസഹായത്തോടെ ഐസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കുന്നതിനായി യഥാക്രമം 34.74 കോടി, 34.92 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പഴക്കം ചെന്ന ശ്വാസ കോശ രോഗികളുടെ പരിചരണം, വിദ്യാഭ്യാസം, വ്യായാമം, ഇമ്മ്യൂണൈസേഷൻ മാനസികവും ശാരീരികവുമായ പുനരധിവാസം സാധ്യമാക്കുന്നതിനായി സംസ്ഥാനത്തെ ആദ്യത്തെ മാതൃക ശ്വാസകോശ പുനരധിവാസ കേന്ദ്രം (Swaas COPD : State model pulmonary rehabilitation and training centre ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ സജ്ജീകരിച്ചു.

13 കോടി രൂപ ചെലവഴിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ പരീക്ഷ ഹാൾ നിർമ്മിച്ചു.

4 കോടി രൂപ ചെലവഴിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ മരുന്ന് ശാലകളുടെ നിർമ്മാണവും നവീകരണവും നടത്തി.

9.94 കോടി രൂപ ചെലവഴിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ PET CT സ്കാൻ സ്ഥാപിക്കുകയും പ്രവർത്തന സജ്ജമാക്കുകയും ചെയ്തു.

കോന്നി മെഡിക്കൽ കോളേജിൽ മൈനർ ഓപ്പറേഷൻ തീയേറ്റർ, 30 ഓക്സിജൻ ബെഡ്ഡുകൾ, 24 മണിക്കൂർ പ്രവർത്തിക്കുന്ന ലാബ്, ഫാർമസി മുതലായ സൗകര്യങ്ങളോടുകൂടിയ അത്യാഹിത വിഭാഗം ആരംഭിച്ചു.

കോന്നി മെഡിക്കൽ കോളേജിൽ 5 കോടി രൂപ മുടക്കി ജില്ലയിൽ സർക്കാർ മേഖലയിലെ ആദ്യത്തെ 128 സ്ലൈസ് സി.റ്റി സ്കാൻ സ്ഥാപിച്ചു.

ഇന്ത്യയിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ഡി.എം. ഇൻഫെഷ്യസ് ഡിസീസ് കോഴ്സ് ആരംഭിച്ചു.

സർക്കാർ മേഖലയിൽ ആദ്യമായി എസ്.എം.എ ക്ലിനിക്ക് തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ ആരംഭിച്ചു.

എസ്.എ.ടി ആശുപത്രിയെ കേന്ദ്രം സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തി.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 4.16 കോടി രൂപ ചെലവഴിച്ച് സർക്കാർ മേഖലയിലെ ആദ്യത്തെ ന്യൂറോ കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കി. സമഗ്ര സ്ട്രോക്ക് സെന്റർ സർക്കാർ മേഖലയിൽ യാഥാർത്ഥ്യമായി. 2023 മുതൽ ഇതുവരെ 148 പേർക്ക് ആഞ്ജിയോഗ്രാം നടത്തി.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാൻസർ രോഗികൾക്ക് റേഡിയേഷൻ ചികിത്സ നൽകുന്ന ഉപകരണമായ ലിനാക് സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു. ഇതുവരെ 397 രോഗികൾക്ക് റേഡിയേഷൻ ചികിത്സ നടത്തി.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 6.5 കോടി രൂപ മുതൽ മുടക്കിൽ പുതിയ സ്പെക്റ്റ് സ്കാൻ സ്ഥാപിച്ചു.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 15 കോടി രൂപ മുതൽ മുടക്കിൽ പുതിയ പെറ്റ് സ്കാൻ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി.

കേരളത്തിൽ ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളജിൽ പീഡിയീട്രിക് ഗ്യാസ്ട്രോ വിഭാഗം യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ എസ്തറ്റിക് ഡെർമറ്റോളജി സ്യൂട്ട് ആരംഭിച്ചു. പ്രതിവർഷം ഏകദേശം 780 പേർക്ക് ചികിത്സ നൽകി വരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ 13.72 കോടി ചിലവിൽ 7 നിലകളിലുള്ള 2 പി.ജി ഹോസ്റ്റലുകൾ നിർമ്മിക്കുകയും പ്രവർത്തന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ 7.04 കോടി രൂപ മുടക്കി ട്രോമ കെയർ ആന്റ് ട്രയാജ് കെട്ടിടം വിപുലീകരിച്ച് അത്യാഹിത വിഭാഗത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി രോഗീ സൗഹൃദമാക്കി.

കോഴിക്കോട് മെഡിക്കൽ കോളേജിൽ 12 കോടി രൂപ മുടക്കി റസിഡൻസ് ക്വാർട്ടേഴ്സ് പൂർത്തിയാക്കി.

മലബാർ കാൻസർ സെന്ററിൽ കിഫ്ബി ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി 96.75 കോടി രൂപയ്ക്ക് നാല് നിലകളിലായി ട്രീറ്റ്മെന്റ് ആൻഡ് അക്കാഡമിക് ബ്ലോക്കും നവീകരിച്ച ഒ.പി, ലാബുകൾ, ഓപ്പറേഷൻ തിയേറ്ററുകൾ, ബ്ലഡ് ബാങ്ക്, റിസപ്ഷൻ എന്നിവയുടെ നവീകരണം പൂർത്തിയാവുകയും 2025 ജനുവരി 25 ന് ഉത്ഘാടനം ചെയ്ത പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ 14 നില കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

സർക്കാർ ഉത്തരവ് (Ms)No56/2025/H&FWD dated14.02.2025. പ്രകാരം മലബാർ കാൻസർ സെൻറർ,(പി.ജി.ഐ.ഓ.എസ്.ആർ)ന്റെ ട്രീറ്റ്മെന്റ് & അക്കാഡമിക് ബ്ലോക്ക് ലേക്ക് കരാർ/താത്കാലിക/പുറംകരാർ വ്യവസ്ഥയിൽ ആകെ 36 തസ്തികകൾ അനുവദിച്ച നൽകിയിട്ടുണ്ട്.

Shaila. M

**സെക്ഷൻ ഓഫീസർ**